**SKSSF –TREND**

# സമ്മർ ഗൈഡ്

# കുരുന്നുകൂട്ടം

SKSSF-TREND

# കുരുന്നുകൂട്ടം

അഞ്ചു വയസ്സു മുതൽ എട്ടു വയസ്സ് വരെയുള്ള വിദ്യാർത്ഥി-വിദ്യാർത്ഥിനികൾക്ക് രസകരവും പഠനാർഹവുമായ കളികൾക്കൊപ്പം സ്വഭാവരൂപീകരണത്തിനും ദീനീ ബോധം നിലനിർത്താനുമായി സംഘടിപ്പിക്കപ്പെടുന്ന പരിശീലന പദ്ധതി (mentoring project) ആണ് കുരുന്നുകൂട്ടം. ലളിതവും ആകർഷകവുമായ പാട്ടുകളും ഖുർആനിലെ കഥകളും മഹത്തുക്കളുടെ ജീവിതവും സംഘടനാ ബോധവും കുട്ടികൾക്ക് പകരുക എന്നതാണ് കുരുന്നുകൂട്ടം പദ്ധതിയുടെ ലക്ഷ്യം. മുതിർന്നവരെ ആദരിക്കാനും ചുറ്റുപാടിനെ മാനിക്കാനും സ്വജീവിതത്തിൽ സ്വപ്നങ്ങൾ രൂപപ്പെടുത്താനും കുട്ടികൾക്ക് പ്രാപ്തിയേകുക എന്നതും കുരുന്നു കൂട്ടത്തിൽ പ്രാധാന്യമർഹിക്കുന്ന ലക്ഷ്യങ്ങളാണ് എസ്.കെ.എസ്.ബി.വി, എസ്.കെ.എസ്.എസ്.എഫ് സംവിധാനങ്ങളെ അടുത്തറിയാനും കുരുന്നുകൂട്ടം വേദി ഫലപ്രദമാകും

**<u>ഉദ്ദേശ്യലക്ഷ്യങ്ങൾ:</u>**

- അവധിക്കാലം വിനോദത്തോടൊപ്പം വരാനിരിക്കുന്ന നല്ല കാലത്തേക്കുള്ള വിഭവ സമാഹരണത്തിനുള്ള മികച്ച സമയമാണെന്ന് കുട്ടികളെ ബോധ്യപ്പെടുത്തുക.
- ഒഴിവു സമയങ്ങൾ പാഴായിപ്പോകുന്നത് തടയാനും ക്രിയാത്മകമായ ചിന്തകളിലേക്കും ഇടപെടലുകളിലേക്കും കുട്ടികളെ ആനയിക്കാനും ശ്രമിക്കുക.
- അനാശാസ്യമോ ആഭാസമോ ആയ വേദികളും (Clubs) കൂട്ടങ്ങളും (Gangs) തേഡ് കുട്ടികൾ പോകുന്നത് തടഞ്ഞു ദീനി പാതയിൽ തന്നെ പിടിച്ചു നിർത്താൻ പ്രേരിപ്പിക്കുക.
- കളിയും തമാശയും നിറഞ്ഞ പരിപാടികളിലൂടെ മത കാര്യങ്ങളും സംഘടനാ ബോധവും കുട്ടികൾക്ക് പകർന്നു നൽകുക.
- വ്യക്തി വികാസത്തിനും ആത്മീയ വിചിന്തനങ്ങൾക്കും കുട്ടിയെ പ്രാപ്തനാക്കുക.

**<u>'കുരുന്നുകൂട്ടം' പരിപാടികൾ</u>**:

✓ ലക്ഷ്യ പ്രാപ്തിയുള്ള വിവിധങ്ങളായ പരിപാടികൾ 'കുരുന്നു കൂട്ടം' എന്ന ശീർഷകത്തിൽ സംഘടിപ്പിക്കാവുന്നതാണ്.

✓ സമസ്തയുടെ മൂല്യങ്ങളും തത്വങ്ങളും അനുശാസിക്കുന്ന തരത്തിലാണ് 'കുരുന്നുകൂട്ടം' ക്രമീകരിക്കേണ്ടത്.

SKSSF-TREND

- ✓ സേവനത്തിനും പങ്കാളിത്തത്തിനും 'പണം എണ്ണി വാങ്ങുന്നവരെ' TREND ൻറെ ഒരു പരിപാടികളിലും ക്ഷണിക്കാറില്ലെന്ന കാര്യം പ്രത്യേകം സ്മരിക്കുക.
- ✓ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകമായാണ് 'കുരുന്നു കൂട്ടം' സംഘടിപ്പിക്കേണ്ടത്.രക്ഷിതാക്കളോ ഉസ്താദുമാരോ നിർബന്ധം പിടിച്ചാൽ സ്ഥല സൗകര്യവും മറ്റും കണക്കിലെടുത്തു ഇരു കൂട്ടരേയും ഒരുമിച്ച് കൂട്ടിയും പരിപാടി സംഘടിപ്പിക്കേണ്ടതാണ്.
- ✓ മദ്രസ, സ്കൂൾ, മഹല്ല് തുടങ്ങി അനുകൂലമായ ഏതു വേദിയിലും 'കുരുന്നു കൂട്ടം' സംഘടിപ്പിക്കാവുന്നതാണ്.

**'കുരുന്നുകൂട്ടം' സംഘടിപ്പിക്കുമ്പോൾ ശ്രദ്ധിക്കേണ്ടവ:**

- ❖ സമയ ദൈർഘ്യം:

ഒരു മണിക്കൂർ മുതൽ മൂന്നു മണിക്കൂർ വരെ നീണ്ടു നിൽക്കുന്ന സെഷൻ ആണ് ഏറ്റവും അഭികാമ്യം.

- ❖ സദസ്സിന്റെ സ്വഭാവം:
- ✓ ബെഞ്ചിനും ഡെസ്കിനും പകരം കസേരകളാണ് നല്ലത്.
- ✓ ഒരു ഷീറ്റിൽ തറയിൽ ഇരുത്തുന്നതും നന്നാകും.
- ✓ ഏകദേശം ഒരേ പ്രായക്കാരാണ് സദസ്സിലുണ്ടാകേണ്ടത്.
- ✓ KG ക്ളാസ്സ് വിദ്യാർത്ഥികൾ
- ✓ 1-4 വരെ ക്ലാസ്സിൽ പഠിക്കുന്നവർ
- ✓ 5-10 വരെ ക്ലാസ്സിൽ പഠിക്കുന്നവർ

(കഴിയുന്നതും പത്തിന് മുകളിൽ ഉള്ളവരെ 'കുരുന്നു കൂട്ട'ത്തിൽ നിന്നും ഒഴിവാക്കേണ്ടതാണ്)

- ❖ ദുആ, ഖിറാഅത് എന്നിവയോടെ ആരംഭിക്കുക.
- ❖ സുദീർഘമായ ഉദ്ഘാടന സമ്മേളനവും മറ്റുമായി പരിപാടി നീണ്ടു പോവാതിരിക്കാൻ ശ്രദ്ധിക്കണം. കുരുന്നുകളുടെ സന്തോഷവും സംതൃപ്തിയുമാവണം സംഘാടകരുടെ പ്രധാന പരിഗണനാ വിഷയം.
- ❖ വേനൽ കാലത്തു സംഘടിപ്പിക്കപ്പെടുന്ന പരിപാടികൾ വെള്ളം, തണൽ തുടങ്ങിയ സൗകര്യങ്ങൾ ഉറപ്പു വരുത്തുന്നത് നന്നായിരിക്കും.
- ❖ സംഘാടകരുടെ പെരുമാറ്റവും വേഷവും കുട്ടികൾ ശ്രദ്ധിക്കുന്നുണ്ടെന്ന് മറക്കരുത്.

SKSSF-TREND